**പാസ്പോര്ട്ട് സേവാ ദിവസും പാസ്പോര്ട്ട് ഉദ്യോഗസ്ഥരുടെ സമ്മേളനവും 2017**

**ജൂണ് 24, 2017**

അഞ്ചാമത് പാസ്പോര്ട്ട് സേവാ ദിവസും പാസ്പോര്ട്ട് ഉദ്യോഗസ്ഥരുടെ സമ്മേളനവും കേന്ദ്ര വിദേശകാര്യ മന്ത്രാലയം (എംഇഎ ) ജൂണ് 22-23 , 2017 നു ന്യൂഡെല്ഹിയിലെ ജവഹര്ലാല് നെഹ്റു ഭവനില് സംഘടിപ്പിച്ചു . കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ് , കേന്ദ്ര വാര്ത്താവിനിമയ സഹമന്ത്രി (സ്വതന്ത്ര ചാര്ജ് ) ശ്രീ മനോജ് സിന്ഹ, കേന്ദ്ര വിദേശകാര്യ സഹമന്ത്രിമാരായ ജനറല് (ഡോ.) വി.കെ സിംഗ് (റിട്ട. ), ശ്രീ എം.ജെ അക്ബര് എന്നിവരുടെയും മഹനീയ സാന്നിധ്യത്തില് നിറവുള്ളതായിരുന്നു ചടങ്ങ് .

ഈ അവസരത്തില് അന്പതു വര്ഷം പൂര്ത്തിയാക്കിയ പാസ്പോര്ട്ട്സ് ആക്റ്റ്
1967 ആഘോഷവും കേന്ദ്ര വിദേശകാര്യ മന്ത്രാലയം നടത്തി. 1967 ജൂണ് 24 നാണ് ഇത് നടപ്പാക്കിയത് . ചടങ്ങിനെ ഓര്മിപ്പിക്കുന്നതിന് ഒരു അനുസ്മരണ സ്റ്റാമ്പും ഒന്നാം ദിന കവറും പോസ്റ്റ്സ് വകുപ്പ് പുറത്തിറക്കി .
ദ്വി ഭാഷയില് പാസ്സ്പോര്ട്ട് പ്രിന്റ് ചെയ്യാവുന്നതിനെ കുറിച്ചുള്ള കൂടുതല് വിവരങ്ങള് ഉള്ക്കൊള്ളിച്ചു കൊണ്ടുള്ള പുതിയ പാസ്പോര്ട്ട് ബുക്ക് ലെറ്റ് മന്ത്രാലയം ഉടനെ പുറത്തിറക്കുമെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി അറിയിച്ചു- ഇംഗ്ലീഷിലും ഹിന്ദിയിലും ആയിരിക്കുമിത്. ദ്വിഭാഷാ പാസ്പോര്ട്ട് ആവശ്യമുള്ളവര്ക്ക് അതിലെ വിവരങ്ങള് ദേവനാഗരിയില് കൂടി
അച്ചടിച്ചു ലഭിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കും. നാസിക്കിലെ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിനോടു ഇതുമായി ബന്ധപ്പെട്ടു പ്രവര്ത്തിക്കുവാന് ആവശ്യപ്പെട്ടിട്ടുണ്ട്

കേന്ദ്ര വിദേശകാര്യ മന്ത്രി രണ്ടു പുതിയ പദ്ധതികള് കൂടി അറിയിച്ചു- ഒന്ന് മുതിര്ന്ന പൌരന്മാര്ക്കുള്ളത് , മറ്റൊന്ന് എട്ട് വയസ്സ് വരെയുള്ള മൈനര്മാര്ക്കുള്ളതാണ്. ഈ പദ്ധതിയുടെ കീഴില് , പുതിയ പാസ്പോര്ട്ടിന് അപേക്ഷിക്കുന്ന എല്ലാ മുതിര്ന്ന പൌരന്മാര്ക്കും എട്ട് വയസ്സ് വരെയുള്ള മൈനര്മാര്ക്കും അതിനുള്ള പാസ്പോര്ട്ട് ഫീസില് പത്തു ശതമാനം ഇളവ് അനുവദിക്കും . ഈ സൗകര്യം ജൂണ് 24, 2017 മുതല് ലഭ്യമായിരിക്കും പാസ്പോര്ട്ട് നല്കുന്നതിനുള്ള പോലീസ് വെരിഫിക്കേഷന് പ്രക്രിയ കൂടുതല് ഉദാരവത്ക്കരിക്കുവാനും മെച്ചപ്പെടുത്തുവാനും വേണ്ടി കേന്ദ്ര വിദേശകാര്യ മന്ത്രാലയം ജനുവരി 25, 2016 ല് സാധാരണ പാസ്പോര്ട്ട് അപേക്ഷകള് ആദ്യം നല്കുന്ന അപേക്ഷകര് ആധാര്, ഇലക്ടറല് ഫോട്ടോ തിരിച്ചറിയല് കാര്ഡ് (ഇപിഐസി ) , പെര്മനന്റ് അക്കൌണ്ട് നമ്പര്

(പാന് ) കാര്ഡ് , നിര്ദിഷ്ട ഫോര്മാറ്റില് അപേക്ഷകന്റെ പേരില്
ക്രിമിനല് നടപടികള് ഒന്നും നിലവിലില്ല എന്ന ഒരു സത്യവാങ്മൂലം ,
എന്നിവയില് പോലീസ് വെരിഫിക്കേഷന് പ്രക്രിയയുടെ അടിസ്ഥാനത്തില്
നടപടികള് സ്വീകരിക്കുകയും , കൂടുതല് ഫീസ് അടക്കാതെ തന്നെ
പാസ്പോര്ട്ട് വിതരണം വേഗത്തിലാക്കുകയും ചെയ്യുമെന്ന്
പ്രഖ്യാപിച്ചിരുന്നു. പാന് കാര്ഡിന്റെ സ്ഥാനത്ത് ഒന്നുകില്
അപേക്ഷകന്റെ പാന് കാര്ഡ് അല്ലെങ്കില് റേഷന് കാര്ഡ് ഇതിനായി
സ്വീകരിക്കുമെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി ഇന്ന് അറിയിച്ചു.

മികച്ച പ്രവര്ത്തനങ്ങള് കാഴ്ച വച്ച പാസ്പോര്ട്ട് ഓഫീസുകള്, പോലീസ്
വകുപ്പുകള്, പാസ്പോര്ട്ട് ഓഫീസുകളില് സ്തുത്യര്ഹമായ സേവനം കാഴ്ച
വച്ച
ഉദ്യോഗസ്ഥര് എന്നിവര്ക്കുള്ള പാസ്പോര്ട്ട് സേവ പുരസ്കാരങ്ങള്
ചടങ്ങില് വിതരണം ചെയ്തു.

രാജ്യത്ത് മേയ് 2014 വരെ 77 പിഎസ്കെകള് പ്രവര്ത്തിച്ചു . ഇപ്പോഴത്തെ
ഗവണ്മെന്റ് 16 പിഎസ്എല്കെകള് കൂടി പ്രഖ്യാപിച്ചു .എല്ലാ വടക്ക്
കിഴക്കന് സംസ്ഥാനങ്ങളും ഈ വികസന പദ്ധതിയില് ഉള്ക്കൊള്ളിച്ചിരുന്നു .
ഈ
16 എണ്ണത്തില് പതിനാല് പാസ്പോര്ട്ട് സേവ ലഘു സേവ ലഘു കേന്ദ്രങ്ങള് (
പിഎസ്എല്കെ ) , വടക്ക് കിഴക്കന് സംസ്ഥാനങ്ങളില് ഉള്പ്പെടുന്നവയടക്കം
പ്രവര്ത്തനക്ഷമമായി. വെസ്റ്റ് ബംഗാളിലെ സിലിഗുരിയിലും മഹാരാഷ്ട്രയിലെ
ഷോലാപൂരിലും രണ്ടു പിഎസ് എല്കെകള് കൂടി അടുത്ത് ഉദ്ഘാടനത്തിന്
തയാറാക്കിയിട്ടുണ്ട്
കേന്ദ്ര വിദേശകാര്യ മന്ത്രാലയം വാര്ത്താവിനിമയ മന്ത്രാലയവുമായി
ചേര്ന്ന് കൊണ്ട് പുതിയ ഒരു സംരംഭം തുടങ്ങുകയും രാജ്യത്തെ ഹെഡ് പോസ്റ്റ്
ഓഫീസുകളില് പാസ്പോര്ട്ട് ഓഫീസുകള് തുറക്കുവാന് തീരുമാനിക്കുകയും
ചെയ്തു. ഇവ ''പോസ്റ്റ് ഓഫീസ് പാസ്പോര്ട്ട് സേവ കേന്ദ്ര '(പിഒഎസ്പികെ )
എന്നറിയപ്പെടും . ആദ്യ ഘട്ടത്തില് മന്ത്രാലയം 86 പിഒപിഎസ്കെ
പ്രഖ്യാപിച്ചു . ഇതില് 52 പിഒ പിഎസ്കെ കള് പ്രവര്ത്തനം ആരംഭിച്ചു.
ഇഎഎം 149 പിഒപിഎസ്കെകള് രണ്ടാം ഘട്ടത്തില് പ്രഖ്യാപിച്ചിരുന്നു അത്
വഴി
മൊത്തം പിഒപിഎസ്കെകളുടെ എണ്ണം 235 ആകും. 235 പിഒപിഎസ്കെകള്
ആകുമ്പോള്,
പൌരന്മാരുടെ പ്രയോജനതിനു വേണ്ടി ഇപ്പോഴത്തെ ഗവണ്മെന്റ് കൂട്ടി
ചേര്ത്ത
മൊത്തം പാസ്പോര്ട്ട് സേവ കേന്ദ്രങ്ങള് പിഒപിഎസ്കെ ഉള്പ്പെടെ എണ്ണം
251 ആകും. അന്പത് കിമി ദൂരത്തില് പൌരന്മാര്ക്ക് പാസ്പോര്ട്ട്
സേവനങ്ങള് ലഭ്യമാക്കുവാന് മന്ത്രാലയം ലക്ഷ്യമിട്ടിട്ടുണ്ട് . ഈ

ലക്ഷ്യം കൈവരിക്കുവാന്  എല്ലാ 810 ഹെഡ് പോസ്റ്റ് ഓഫീസുകള് അടയാളപ്പെടുത്തുന്നത് ആരംഭിച്ചു കഴിഞ്ഞു .

' കുറഞ്ഞ ഭരണനിയന്ത്രണം  കൂടുതല് പരിപാലനം ' എന്ന തത്വത്തോട് പ്രതിബദ്ധമായി  ഗവണ്മെന്റ്തുടരും  അതോടൊപ്പം പൌരന്മാര്ക്കുള്ള സേവനങ്ങള് വളരെ സൌകര്യപ്രദവും , ഉത്തരവാദിത്തമുള്ളതുമായ രീതിയില് സേവനങ്ങള് പൌരന്മാര്ക്ക് നല്കുന്നതിനും  ഈ ലക്ഷ്യങ്ങള് നേടുവാനായി കൂടുതല് കൂടുതല്  ഉറപ്പുള്ള സംവിധാനങ്ങളും ഉള്പ്പെടുത്തും .
ചടങ്ങില് സന്നിഹിതരായിരുന്നവരോടെല്ലാം കൂടുതല്
അര്പ്പണമനോഭാവത്തോടെ,
പരിഗണനയോടെ  , സുതാര്യവും പ്രൊഫഷനല് രീതിയിലും  പൌരന്മാര്ക്ക് പാസ്പോര്ട്ട് സേവനങ്ങള് നല്കുന്നതിനുള്ള  പ്രതിബദ്ധത പുതുക്കുവാന് കേന്ദ്ര വിദേശകാര്യ മന്ത്രിയും സഹമന്ത്രിയും  ആവശ്യപ്പെട്ടു.

ന്യൂഡെല്ഹി
ജൂണ്  24, 2017